ത്തിൽ ഈ കഴിഞ്ഞ ജൂൺ 16 മുതൽ പ്രസ്തുത സ്ഥാപനം ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന താലൂക്കാശുപത്രിയായി പുനഃസ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ട്. 159 കിടക്കകളുള്ള ഈ ആശുപത്രിക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം പഴയതുപോലെതന്നെ നിലനിൽക്കുന്നുണ്ട്. ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, പി.പി.എസ്.വാർഡ്, ലബോറട്ടറി, എക്സ്റേ എന്നീ സൗകര്യങ്ങൾ അവിടെയുണ്ട്. 10 ഡോക്ടർമാരുടെ തസ്തികകളായിരുന്നു താലൂക്കാശുപത്രിയായിരുന്നപ്പോൾ ഉണ്ടായിരുന്നത്. അതിൽ 5 ഡോക്ടർമാരെ തിരിച്ച് അവിടെ പോസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റുള്ള അഞ്ചുപേരെ പോസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നേഴ്സിംഗ് ഫാർമസിസ്റ്റ്, നേഴ്സിംഗ് അസിസ്റ്റന്റ്, തുടങ്ങിയ മുഴുവൻ പാരാ മെഡിക്കൽ ജീവനക്കാരേയും, മിനിസ്റ്റീരിയൽ ജീവനക്കാരേയും അവിടെ നിയമിച്ചിട്ടുണ്ട്. ചിലപ്പോൾ അവർ ചാർജ് എടുക്കാൻ ദിവസങ്ങൾ എടുക്കും, 16-ാം തീയതിക്കുശേഷമാണ് ഉത്തരവ് വന്നത്, അതിനുശേഷമാണ് ട്രാൻസ്ഫറും അതുപോലെ പോസ്റ്റിംഗും നടക്കുന്നത്. ഡോക്ടർമാർ അടക്കം ഒഴിവുള്ള തസ്തികകൾ മുഴുവൻ എത്രയും പെട്ടെന്ന് നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. മുമ്പുണ്ടായിരുന്ന പഴയ ചില സാധനസാമഗ്രികൾ അവിടെനിന്നും മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്. അതിനുപകരം മെഡിക്കൽകോളേജിന്റെ സാധനങ്ങൾ ഇവിടെനിന്നും അങ്ങോട്ടുമാറ്റുമ്പോൾ താലൂക്കാശുപത്രിക്ക് ആവശ്യമായ സൗകര്യം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് നിയമപരമായി നേരത്തെ കൊടുത്ത ഉറപ്പ് പാലിക്കുന്നു. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് താലൂക്കാശുപത്രിക്ക് ഇടക്കാലത്ത് വന്നിട്ടുള്ള സൗകര്യങ്ങൾ വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതിയ തസ്തികകൾ കൂടി അവിടെ നികത്തപ്പെട്ടാൽ പഴയ താലൂക്കാശുപത്രിയേക്കാൾ മെച്ചപ്പെട്ട സ്ഥിതിയുണ്ടാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. പരിയാരം മെഡിക്കൽകോളേജിനെക്കൂടി ബാധിക്കുമെന്ന കാര്യമായതുകൊണ്ട്, ഈ ഗവൺമെന്റ് ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകും.

(8) മട്ടാഞ്ചേരി മണ്ഡലത്തിലെ ബീച്ച് റോഡ്, പപ്പങ്ങമുത്തു എന്നീ സ്ഥലങ്ങളിൽ കടൽ ഭിത്തി നിർമ്മാണം

<u>ശ്രീ. എം.എ. തോമസ്</u> : എന്റെ നിയോജകമണ്ഡലമായ മട്ടാഞ്ചേരിയുടെ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായി തുടരുകയാണ്. ബീച്ച് റോഡ്, പപ്പങ്ങമുത്തു എന്നീ സ്ഥലങ്ങളിൽ അതിരൂക്ഷമായി ഇത് അനുഭവപ്പെടുകയാണ്. ഏതാണ്ട് 13 വീടുകൾ കടൽക്ഷോഭത്തിൽ തകർന്നുപോകുവാൻ സാദ്ധ്യതയുണ്ട്. വർഷങ്ങളായി ഇവിടെയുള്ള ആളുകൾ കടലാക്രമണം മൂലം ദുരിതം അനുഭവിക്കുകയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം കരിങ്കൽ ഭിത്തി കെട്ടുകയാണ്. ഇനി ഈ കാര്യത്തിൽ കാലതാമസം വരുത്താതെ കരിങ്കൽ ഭിത്തി കെട്ടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, മട്ടാഞ്ചേരി മണ്ഡലത്തിൽ ബീച്ച് റോഡ് ഫിഷിംഗ് ഗ്യാപ്പ് അടയ്ക്കുന്നതിനു വേണ്ടി 7.36 ലക്ഷം, 7.30 ലക്ഷം രൂപവീതം എസ്റ്റിമേറ്റ് തുകവരുന്ന രണ്ട് പണികൾക്കുവേണ്ടി ദർഘാസ് 4-5-1999-ൽ എറണാകുളം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. നിയമാനുസൃതം ചീഫ് എഞ്ചിനീയർമാർ ഉൾക്കൊള്ളുന്ന ടെന്റർ കമ്മിറ്റി ഈ ദർഘാസുകൾ അംഗീക
207/2010.

LIBRARY ARCHIVES Kerala Legislative Assembly

രിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പപ്പങ്ങമുത്തു ഭാഗത്തെ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 3.30 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഒരു പണിക്ക് കരാറുകാരുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. പണി ഉടൻ തുടങ്ങുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മൺസൂൺ കാലത്ത്, രൂക്ഷമായ കടൽക്ഷോഭം ഉണ്ടാകുന്നതുകൊണ്ട് ബീച്ച് റോഡ്, പപ്പങ്ങമുത്തു മേഖലകൾ കരിങ്കൽ ചിറ കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(9) എറണാകുളം ജില്ലയിലെ കടംപ്രയാറിനു കുറുകെ ബണ്ട് നിർമ്മിച്ചതു മൂലമുണ്ടായ കൃഷി നാശം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, എറണാകുളം ജില്ലയിലെ കടംപ്രയാറിന് 25 മീറ്റർ വീതിയും 5 മീറ്ററിലധികം താഴ്ചയുമുണ്ട്. അതിനു കുറുകെ കിൻഫ്ര, ഒരു ബണ്ട് കെട്ടിയതുമൂലം ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി നശിച്ച് കൃഷി ചെയ്യാനും കൊയ്യാനും കഴിയാത്ത ഒരു അവസ്ഥയിൽ എത്തിയിരിക്കുകയാണ്. കെ.സി.പി.എൽ. (KCPL) കമ്പനിക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയാണെന്നാണ് കിൻഫ്രായുടെ ഉത്തരവാദിത്വപ്പെട്ട ആളുകളുമായി സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. കെ.സി.പി.എൽ. കമ്പനിക്ക് ശുദ്ധജലവിതരണപദ്ധതി ഇപ്പോൾ നിലവിലുണ്ട്. കൊച്ചി കായലിൽനിന്നും ഉപ്പുവെള്ളം കയറിവരാതിരിക്കുന്നതിനുവേണ്ടിയാണ് ഈ ബണ്ട് തീർക്കുന്നതെന്നാണ് അവരുടെ ഭാഗത്തുനിന്നുമുള്ള റിപ്പോർട്ട്. ഇതിന് തൊട്ട് ഒന്നര കിലോമീറ്റർ താഴെ കുനാഞ്ഞിലിചോട് ഭാഗത്ത് ആട്ടോമാറ്റിക് ഷട്ടർ ഇപ്പോൾ നിലവിലുണ്ട്. വളരെക്കാലമായി ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് തീർത്തിട്ടുള്ള ആട്ടോമാറ്റിക് ബണ്ടാണ്. അവിടെ ആട്ടോമാറ്റിക് ഷട്ടറും ഉണ്ട്, ആ ഷട്ടർ വേനൽക്കാലത്ത് മാത്രമേ ഇടേണ്ടതുള്ളൂ. ഉപ്പുവെള്ളം കയറിവരുന്നത് വേനൽക്കാലത്തുമാത്രമേയുള്ളൂ. 25 മീറ്റർ ദൂരത്തുനിന്നും ഒഴുകിവരുന്ന വെള്ളമാണ് കടംപ്രയാറിൽ കൂടി കടന്നുപോകുന്നത്. കിൻഫ്രാ തീർത്തിട്ടുള്ള ബണ്ട് വലിയ ഭീമാകാരമായ ബണ്ടാണ്. യുദ്ധകാലാടിസ്ഥാനത്തിൽ വളരെപെട്ടെന്ന് ആരുംആരും അറിയാതെ യന്ത്രങ്ങളും മറ്റും വച്ച് രണ്ട് സൈഡിലും കരിങ്കൽഭിത്തികൾ തീർത്ത് തെങ്ങിൻകുറ്റികൾ അടിച്ച് അതിന്റെ നടുക്ക് മണ്ണ് ഫിൽ ചെയ്താണ് ഈ ബണ്ട് തീർത്തിട്ടുള്ളത്. അതുകൊണ്ട് 35 കിലോമീറ്ററോളം ദൂരത്തിൽ വെള്ളത്തിന്റെ കെടുതി അനുഭവിച്ചുവരികയാണ്. 200-ഓളം വരുന്ന മീൻപിടിയ്ക്കുന്ന തൊഴിലാളികൾ ചെറിയ വള്ളങ്ങളിൽ ഇതിലേയാണ് പോകുന്നത്. അവർക്കുപോലും കടന്നുപോകാൻ കഴിയാത്ത തരത്തിൽ തെങ്ങിൻകുറ്റികൾ തീർത്താണ് ഈ ബണ്ട് തീർത്തിട്ടുള്ളത്. കടുത്ത കൃഷിനാശമുണ്ടാകുന്നു. കെട്ടിടങ്ങൾപോലും വെള്ളത്തിനടിയിൽ ആകുന്ന അവസ്ഥാവിശേഷമുണ്ടായിട്ടുണ്ട്. എറണാകുളം ജില്ലാകളക്ടർ വിളിച്ച യോഗത്തിൽ KINFRA യുടെ പ്രതിനിധികളും ജനപ്രതിനിധികളും ഞങ്ങളുമെല്ലാമായി സംസാരിച്ചു. തെങ്ങിൻ കുറ്റികൾ അവിടെനിന്നും മാറ്റാനുള്ള തീരുമാനമെടുത്തിരുന്നു. കിൻഫ്രാ അത് ചെയ്യാൻ തയ്യാറായിട്ടില്ല. 10 ലക്ഷത്തോളം രൂപ മുതൽമുടക്കുണ്ടെന്നാണ് കിൻഫ്രായുടെ ഉത്തരവാദപ്പെട്ട ആളുകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്തിനുവേണ്ടി ചെയ്തു? ആരുടെ അനുമതിയോടുകൂടിയാണ് ഒരു പുഴ കുറുകെ കെട്ടിയത്; ഒരു ആറ് കുറുകെ കെട്ടുമ്പോൾ ആരുടെ അനുമതിയാണ് വേണ്ടത്; കളക്ടറോ ഗവൺമെന്റോ അല്ലെങ്കിൽ കൃഷി ഡിപ്പാർട്ടുമെന്റോ ഇത്തരത്തിലുള്ള അനുമതി കൊടുത്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഇന്ന് ദുരൂഹമാണ്. എന്തിനുവേണ്ടിയാണ് ഇത് ചെയ്തതെന്നതിനെ സംബന്ധിച്ച് ഒരു അടിയന്തിരമായ

LIBRARY ARCHIVES Kerala Legislative Assembly